**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4287** **28-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വൈദ്യുതി വിഹിതത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിനുള്ള കേന്ദ്ര വൈദ്യുതി വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; ഈ കുറവ് ഏത് രീതിയിൽ പരിഹരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിനുള്ള കേന്ദ്ര വൈദ്യുതി വിഹിതം വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ കൽക്കരി ക്ഷാമം മൂലവും, കേന്ദ്ര വൈദ്യുതി നിലയങ്ങളിലെ അറ്റകുറ്റ പ്പണികൾ, യന്ത്രത്തകരാറുകൾ എന്നിവ മൂലവും കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിൽ കുറവ് ഉണ്ടായിട്ടുണ്ട്. കൽക്കരി ക്ഷാമം മൂലം ദീർഘ കാല കരാറുകൾ വഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവ് ഉണ്ടായിട്ടുണ്ട്. അധിക ജല വൈദ്യുതി ഉല്പാദനത്തിലൂടെ മാത്രം പ്രസ്തുത കുറവുകൾ പരിഹരിക്കാൻ കഴിയില്ല. ലഭ്യതയിലുള്ള കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ ലഭ്യതയെ യാണ് ബാധിക്കുന്നത്. ടി കുറവുകൾ നികത്തുന്ന തിനായി അതാത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതി യുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യശ്രവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിലെ unallocated share ആയ 15% ൽ നിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കു ന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11.00 മണി വരെയുള്ള സമയത്ത് കേന്ദ്ര പൂളിൽ നിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കു ന്നതിന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അധിക ജല വൈദ്യുതി ഉല്പാദനത്തിലൂടെ പ്രസ്തുത കുറവ് പരിഹരിക്കാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തിനുള്ള കേന്ദ്ര വൈദ്യുതി വിഹിതം വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ കൽക്കരി ക്ഷാമം മൂലവും, കേന്ദ്ര വൈദ്യുതി നിലയങ്ങളിലെ അറ്റകുറ്റ പ്പണികൾ, യന്ത്രത്തകരാറുകൾ എന്നിവ മൂലവും കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിൽ കുറവ് ഉണ്ടായിട്ടുണ്ട്. കൽക്കരി ക്ഷാമം മൂലം ദീർഘ കാല കരാറുകൾ വഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവ് ഉണ്ടായിട്ടുണ്ട്. അധിക ജല വൈദ്യുതി ഉല്പാദനത്തിലൂടെ മാത്രം പ്രസ്തുത കുറവുകൾ പരിഹരിക്കാൻ കഴിയില്ല. ലഭ്യതയിലുള്ള കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ ലഭ്യതയെ യാണ് ബാധിക്കുന്നത്. ടി കുറവുകൾ നികത്തുന്ന തിനായി അതാത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതി യുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യശ്രാവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിലെ unallocated share ആയ 15% ൽ നിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കു ന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11.00 മണി വരെയുള്ള സമയത്ത് കേന്ദ്ര പൂളിൽ നിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കു ന്നതിന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ